**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 585/2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 22.02.2010.

---

പരാമർശം:- സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.01.2010-ലെ 2.65(2) നമ്പർ തീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവൃത്തികൾ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പുറമെ ആരോഗ്യ സ്ഥാപനം മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ ആ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൂടി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകണമെന്ന ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം, പരാമർശത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ആരോഗ്യ സ്ഥാപനത്തിന്റെ മാനേജ്മെന്റ് ചുമതല ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അല്ലെങ്കിൽ പോലും വികസന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് മാത്രമേ പ്രവൃത്തികൾ നടപ്പാക്കാൻ പാടുള്ളൂ. നേരിട്ടോ മാനേജ്മെന്റ് ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിഹിതം കൈമാറിയോ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ആർ.രാജീവ്,
അഡിഷണൽ സെക്രട്ടറി.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും നൽകേണ്ടതാണ്).
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പോർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്. (13.01.2010-ലെ കുറിപ്പ് പ്രകാരം).
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.